# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് നാല്പത്തിമൂന്ന്

## സമുദ്രത്തിൽനിന്നുള്ള മൃഗം

## (4)

Sat നെബൂഖദ്നേസർ തന്റെ സ്വപ്നത്തിൽ കണ്ട വലിയ ബിംബത്തെ ഒരു യുവാവായിരുന്ന സമയത്ത് ഞാൻ പഠിച്ചപ്പോൾ (ദാനീ. 2:28-35), വേദപുസ്തകം ദിവ്യമായി പ്രചോദിപ്പിക്കപ്പെട്ട ഒരു പുസ്തകമാണെന്ന് ഞാൻ പൂർണ ബോധ്യമുള്ളവനായിത്തീർന്നു. ബിംബത്തിന്റെ ഭാഗങ്ങൾ—തലയും, നെഞ്ചും കൈകളും, വയറും തുടകളും, പത്തു വിരലുകളോടുകൂടെയുള്ള കാലുകളും—നൂറ്റാണ്ടുകളിലുടനീളമുള്ള ലൗകികശക്തികളുടെ വികാസത്തോട് യോജിക്കുന്നു. ദൈവമൊഴികെ ആർക്കാണ് ഇങ്ങനെയുള്ള ഒരു ദൃഷ്ടാന്തം നമുക്കു നല്കുവാൻ കഴിയുന്നത്? ഒരു പ്രത്യേക രീതിയിൽ അവയെ സർവാധികാരത്തോടെ ഒരുക്കിക്കൊണ്ട്, സകല ലോകശക്തികൾക്കുംമീതെ ദൈവം സർവാധികാരി ആയിരുന്നുവെന്നും ഇപ്പോഴും ആണെന്നും നാം വിശ്വസിക്കണം. ലോകശക്തികൾ ഒരു മനുഷ്യശരീരത്തിന്റെ പ്രതിമയാൽ പ്രതിനിധീകരിക്കപ്പെടുന്നതു കാണുന്നത് എത്ര മനോഹരമാണ്! വേദപുസ്തകം ദിവ്യമായ ഒരു പുസ്തകമല്ലെന്നു വിശ്വസിക്കുന്നത് വിഡ്ഢിത്തമാണ്. ഈ പുസ്തകത്തിലെ പ്രവചനങ്ങൾ നാം മനസ്സിലാക്കണമെങ്കിൽ, നമുക്ക് ദിവ്യ ജ്ഞാനം ഉണ്ടായിരിക്കണം. നമുക്ക് എത്രയധികം ജ്ഞാനമുണ്ടോ, അത്രയുമധികം നാം ഈ പ്രവചനങ്ങളിലേക്ക് പ്രവേശിക്കുകയും, അത്രയുമധികം പോഷണം നാം അവയിൽനിന്നു പ്രാപിക്കുകയും ചെയ്യും.

വേദപുസ്തകത്തിലുള്ള പ്രവചനങ്ങളിൽനിന്നും നേടിയെടുക്കുവാൻ സമ്പന്നമായ പോഷണമുണ്ട്. എങ്കിലും, നിരവധി പ്രവചന പഠനങ്ങൾ ഏഴു തലയും, പത്തു കൊമ്പും, പത്തു കാൽവിരലുകളും, മൂന്നര വർഷവും, നാല്പത്തിരണ്ടു മാസവും, ആയിരത്തിരുനൂറ്ററുപതു ദിവസവും പോലെയുള്ള കാര്യങ്ങളെ കേവലം സ്പർശിക്കുന്നതേയുള്ളൂ. ഇത് മാംസഭക്ഷണം ഇല്ലാതെ ഒരു പാത്രം കോഴിയെല്ലുകൾ നല്കുന്നതുപോലെയാണ്. എന്നാൽ ദിവ്യവചനത്തിൽനിന്നും

നാം പോഷണം സ്വീകരിക്കണം. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണെന്നു പറയുന്നത് (2 തിമൊ. 3:16) വേദപുസ്തകത്തിലെ ഓരോ വരിയും ദൈവത്തിന്റെ ശ്വാസമാണെന്ന് അർഥമാക്കുന്നു. പ്രവചനങ്ങളായ ഈ ഭാഗങ്ങളുൾപ്പെടെ, തിരുവെഴുത്തിലെ ഓരോ വരിയിലും, കുറെ ജീവമൂലകം, കുറെ ജീവനുള്ള പോഷണം ഉണ്ട്. നാം പ്രവചനം പഠിക്കുമ്പോൾ, നമുക്ക് മാംസവും എല്ലുകളും ഉണ്ടായിരിക്കണം.

നാം എതിർക്രിസ്തുവിന്റെ ഏഴു സവിശേഷ വശങ്ങളെ കണ്ടു: നാലാമത്തെ മൃഗം, ചെറിയ കൊമ്പ്, പ്രഭു, രാജാവ്, സർവവും ഉൾക്കൊള്ളുന്ന മൃഗം, അഗാധദൂതൻ, അധർമത്തിന്റെ മനുഷ്യൻ, എന്നിവ. ഇപ്പോൾ ഈ ദൂതിൽ ഈ അസാമാന്യമായ പ്രതീരൂപത്തിന്റെ പ്രധാനപ്പെട്ട മറ്റനേകം വശങ്ങളെ നാം ചിന്തിക്കേണ്ടതായുണ്ട്.

## VIII. സാത്താന്റെ ശക്തിയും അധികാരവും ഉണ്ട്

എതിർക്രിസ്തുവിന് സാത്താന്റെ ശക്തിയും അധികാരവും ഉണ്ടായിരിക്കും. വെളിപ്പാട് 13:2 പറയുന്നു, "അതിന് വ്യാളി തന്റെ ശക്തിയും തന്റെ സിംഹാസനവും വലിയ അധികാരവും കൊടുത്തു." വ്യാളി "മൃഗത്തിന് തന്റെ അധികാരം കൊടുത്തു" എന്നും "നാല്പത്തിരണ്ടു മാസം പ്രവർത്തിക്കുവാൻ അവന് അധികാരം നല്കി" എന്നും വാക്യം 4-ലും 5-ലും നാം കാണുന്നു. വ്യാളി തന്റെ ശക്തിയും, തന്റെ സിംഹാസനവും, വലിയ അധികാരവും മൃഗത്തിനു നല്കുന്നു എന്നത് അവൻ മൃഗത്തെ അവനുമായി ഒന്നാക്കുന്നുവെന്നു സൂചിപ്പിക്കുന്നു. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ, അവൻ മരുഭൂമിയിൽ പിശാചിനാൽ പരീക്ഷിക്കപ്പെട്ടു. മത്തായി 4:8-9 പറയുന്നു, "വീണ്ടും, പിശാച് അവനെ വളരെ ഉയർന്നോരു മലയിലേക്കു കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും അവനു കാണിച്ചുകൊടുത്തു. അവൻ അവനോട്, നീ വീണ് എന്നെ ആരാധിച്ചാൽ ഇവയെല്ലാം ഞാൻ നിനക്കു നൽകാം എന്നു പറഞ്ഞു." "കടന്നുപോ സാത്താനേ! എന്തെന്നാൽ "നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കുകയും അവനെ മാത്രം നീ സേവിക്കുകയും ചെയ്യും" എന്ന് എഴുതിയിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് കർത്താവായ യേശു അത് നിരസിച്ചു (മത്താ. 4:10). ആ ദിവസം മുതൽ, തന്റെ സാത്താന്യ രാജത്വത്തിന്റെ ശക്തിയും, അധികാരവും, മഹത്വവുമെല്ലാം നല്കുവാൻ കഴിയുന്ന ഒരുവനെ സാത്താൻ നോക്കിക്കൊണ്ടിരിക്കുന്നു. അവൻ അന്വേഷിച്ചുകൊണ്ടിരിക്കുന്നവനെ അവൻ എതിർക്രിസ്തു എന്ന വ്യക്തിയിൽ കണ്ടെത്തും. കർത്താവായ യേശു തിരസ്കരിച്ചത് എതിർക്രിസ്തു സ്വീകരിക്കും.

സാത്താൻ തന്റെ ശക്തിയും അധികാരവും എതിർക്രിസ്തുവിനു കൊടുക്കും എന്നുള്ളതുകൊണ്ട്, എതിർക്രിസ്തു അസാമാന്യനായ ഒരു വ്യക്തിയായിത്തീരും. അവന്റെ വ്യക്തിത്വവും സ്വഭാവവും അതിശക്തമായിരിക്കും.

## IX. കൊല്ലപ്പെടുകയും പുനർജീവിപ്പിക്കപ്പെടുകയും ചെയ്യുന്നു

### A. റോമാസാമ്രാജ്യത്തിന്റെ വരുവാൻപോകുന്ന ഏഴാമത്തെ കൈസറായി കൊല്ലപ്പെടുന്നു

എതിർക്രിസ്തു കൊല്ലപ്പെടുകയും പുനർജീവിപ്പിക്കപ്പെടുകയും ചെയ്യും. വെളിപ്പാട് 13:3 പറയുന്നു, "അവന്റെ തലകളിൽ ഒന്ന് മരണത്തോളം വെട്ടേറ്റതുപോലെ ആയിരുന്നു, അവന്റെ മരണപ്രഹരം സൗഖ്യമാക്കപ്പെട്ടു." അവന്റെ "മരണപ്രഹരം സൗഖ്യമാക്കപ്പെട്ടു" എന്ന് വാക്യം 12-ഉം, മൃഗം "വാളിന്റെ പ്രഹരമേറ്റ് ജീവിച്ചു" എന്ന് വാക്യം 14-ഉം പറയുന്നു. "അവന്റെ തലകളിൽ ഒന്ന്" എന്നത് കൊല്ലപ്പെടുകയും പുനർജീവിപ്പിക്കപ്പെടുകയും ചെയ്യുന്ന കൈസർമാരിൽ ഒരുവനെ പരാമർശിക്കുന്നു. അവന്റെ മരണപ്രഹരത്തിന്റെ സൗഖ്യത്തെക്കുറിച്ചുള്ള വചനം അവൻ പുനർജീവിപ്പിക്കപ്പെടുന്നതിനെ പരാമർശിക്കുന്നു. അവൻ പുനർജീവിപ്പിക്കപ്പെട്ടതിനുശേഷം സർവഭൂമിയും അവനെ കണ്ട് വിസ്മയിക്കും. എതിർക്രിസ്തു അവസാനത്തെ ഏഴു വർഷത്തിന്റെ മധ്യത്തിൽ, ഒരുപക്ഷേ സാത്താനെ സ്വർഗത്തിൽനിന്നും ഭൂമിയിലേക്ക് എറിഞ്ഞുകളയുന്ന അതേ സമയത്ത് കൊല്ലപ്പെടുമായിരിക്കും. ഞാൻ ഇതു പറയുവാനുള്ള കാരണം, വെളിപ്പാട് 9:1 അനുസരിച്ച്, നക്ഷത്രമായ സാത്താൻ സ്വർഗത്തിൽനിന്നും ഭൂമിയിലേക്കു വീണ ഉടനെ അഗാധദൂതൻ ആവിർഭവിക്കുന്നു. ഏകദേശം ഈ സമയത്ത്, റോമാസാമ്രാജ്യത്തിന്റെ ഏഴാമത്തെ കൈസർ കൊല്ലപ്പെടും.

### B. എട്ടാമത്തെ കൈസറായിരിക്കുവാൻ നീറോ എന്ന അഞ്ചാമത്തെ വീണുപോയ കൈസറിന്റെ ആത്മാവോടുകൂടെ പുനർജീവിപ്പിക്കപ്പെടുന്നു

സാത്താനെ താഴേക്ക് എറിഞ്ഞുകളയുമ്പോൾ, നീറോ കൈസറുടെ ആത്മാവ് അഗാധത്തിൽനിന്നും വിടുവിക്കപ്പെടുകയും തന്റെ ശവശരീരത്തെ പുനർജീവിപ്പിക്കുന്നതിനും അവനെ എട്ടാമത്തെ കൈസറാക്കുന്നതിനുമായി കൊല്ലപ്പെട്ട ഏഴാമത്തെ കൈസറിന്റെ ശരീരത്തിലേക്കു പ്രവേശിക്കുകയും ചെയ്യും. ഈ എട്ടാമത്തെ കൈസറിന് ഏഴാമത്തെ കൈസറിന്റെ ശരീരവും അഞ്ചാമത്തവന്റെ ആത്മാവും ഉണ്ടായിരിക്കും. ഇങ്ങനെ

പുനർജീവിക്കുന്നത് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ഒരു വ്യാജമായിരിക്കും. ക്രിസ്തുവിന്റെ വിശ്വാസമില്ലാത്ത ഏവനും ഈ അത്ഭുതകരമായ സംഭവത്താൽ തീർച്ചയായും ആകർഷിക്കപ്പെടും. അവസാനത്തെ ഏഴു വർഷങ്ങളുടെ ആദ്യപകുതിയിൽ ഏഴാമത്തെ കൈസർ പ്രത്യക്ഷനാകും. അവൻ കൊല്ലപ്പെടുകയും പുനർജീവിപ്പിക്കപ്പെടുകയും ചെയ്തുകഴിഞ്ഞാൽ, അവൻ എട്ടാമത്തെ കൈസറായിത്തീരും; അത് ഈ ഏഴു വർഷങ്ങളുടെ മധ്യത്തോടടുത്ത് സംഭവിക്കും. തന്മൂലം, ആദ്യത്തെ മൂന്നര വർഷം അവൻ ഏഴാമത്തെ കൈസറായിരിക്കുകയും, അവസാനത്തെ മൂന്നരവർഷം, പുനർജീവിപ്പിക്കപ്പെട്ട എതിർക്രിസ്തുവെന്ന നിലയിൽ, അവൻ എട്ടാമത്തെ കൈസറായിരിക്കുകയും ചെയ്യും. ഏഴാമത്തെ കൈസർ ഏഴു വർഷത്തേക്ക് യെഹൂദന്മാരുമായി ഒരു ഉടമ്പടി ഉറപ്പിക്കുകയും, എട്ടാമത്തെ കൈസർ യെഹൂദന്മാരെ ഉപദ്രവിക്കുകയും ദൈവമായിരിക്കുവാൻ തന്നെത്താൻ ഉയർത്തുകയും ചെയ്യും. അങ്ങനെ എതിർക്രിസ്തുവിന്റെ മരണവും പുനർജീവിക്കലും ഒരു വലിയ തിരിവ് അടയാളപ്പെടുത്തും. തത്ത്വത്തിൽ, ഇത് ഏറെക്കുറെ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾപോലെ തന്നെയായിരിക്കും. അവന്റെ മരണപുനരുത്ഥാനങ്ങൾക്കു മുമ്പ് ക്രിസ്തു ജഡത്തിൽ പരിമിതപ്പെട്ടിരുന്നുവെങ്കിലും, അവന്റെ മരണപുനരുത്ഥാനങ്ങൾക്കു ശേഷം അവന് സകല അധികാരവും ശക്തിയും നല്കപ്പെട്ടു (മത്താ. 28:18). തന്റെ എതിർക്രിസ്തു ക്രിസ്തുവിനെപ്പോലെ തന്നെയാണെന്ന് തെളിയിക്കുന്നതിനായി സാത്താൻ ഇതിനെ വ്യാജമായി ചെയ്യുവാൻ ഉദ്യമിക്കും. അതുകൊണ്ട്, എതിർക്രിസ്തു രണ്ടു വ്യക്തികളായിരിക്കും. അവൻ ഏഴാമത്തെ കൈസറായിരിക്കുന്ന സമയത്ത് അവൻ അത്ര ആശ്ചര്യവാനും, മനംകവരുന്നവനും, വഞ്ചിക്കുന്നവനും ആയിരിക്കുകയില്ല. എന്നാൽ അവൻ കൊല്ലപ്പെടുകയും പുനർജീവിപ്പിക്കപ്പെടുകയും ചെയ്തശേഷം അവൻ ആശ്ചര്യകരമായ വ്യക്തിത്വമായിത്തീരും. അവൻ മനംകവരുന്നവനും, വഞ്ചിക്കുന്നവനും, മോഹിപ്പിക്കുന്നവനും, മനംമയക്കുന്നവനും ആയിരിക്കും. ക്രിസ്തുവിന്റെ വിശ്വാസം ഉള്ളവരായ വിശുദ്ധന്മാർ മാത്രമേ അവന്റെ ആകർഷണശക്തിയെയും വഞ്ചനയെയും എതിർത്തു നിൽക്കുവാൻ പ്രാപ്തരായിരിക്കുകയുള്ളൂ. അവനെ പുനർജീവിപ്പിച്ചതിനുശേഷം, നീറോ കൈസറിന്റെ ആത്മാവ് അധിവസിക്കുന്നതിനാൽ അവൻ കൂടുതൽ പ്രാപ്തനും, ബുദ്ധിശാലിയും, ശക്തനും ആയിത്തീരും.

LD കൊല്ലപ്പെടുകയും പുനർജീവിപ്പിക്കപ്പെടുകയും ചെയ്ത എതിർക്രിസ്തു കൈസർ നീറോ എന്ന പേരുള്ളവനായിരിക്കും എന്നു നാം കണ്ടു. കള്ളപ്രവാചകൻ "ചെറിയവരും വലിയവരും,

സമ്പന്നരും ദരിദ്രരും, സ്വതന്ത്രരും അടിമകളുമായ എല്ലാവർക്കും, അവരുടെ വലംകൈമേലോ നെറ്റിമേലോ അടയാളം നൽകുവാൻ" (13:16) ഇടയാക്കുകയും, "മൃഗത്തിന്റെ നാമമോ അവന്റെ നാമത്തിന്റെ സംഖ്യയോ ആയ, അടയാളമുള്ളവനല്ലാതെ ആർക്കും" വാങ്ങുവാനോ വിൽക്കുവാനോ കഴിയാതാക്കുകയും ചെയ്യും. വെളിപ്പാട് 13:18 പറയുന്നു, "വിവേകമുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ, അത് ഒരു മനുഷ്യന്റെ സംഖ്യയാകുന്നു: അവന്റെ സംഖ്യ അറുനൂറ്ററുപത്താറ് ആകുന്നു." കള്ളപ്രവാചകൻ എതിർക്രിസ്തുവിനെ ആരാധിക്കുവാൻ ജനത്തെ സ്വാധീനിക്കും. അതേ സമയം, എതിർക്രിസ്തുവിന്റെ പേരോ അവന്റെ പേരിന്റെ സംഖ്യയോകൊണ്ട് അവരെ അടയാളപ്പെടുത്തുന്നതിന് ഒരു മാർഗം അവൻ ആസൂത്രണംചെയ്യും. ഈ അടയാളം വയ്ക്കുന്നത് നെറ്റിമേലോ വലതു കൈമേലോ ആയിരിക്കും. ചില വേദപുസ്തക പഠിതാക്കൾ സൂചിപ്പിക്കുന്നത് പുരുഷന്മാരുടെ നെറ്റിമേലും സ്ത്രീകളുടെ വലതു കൈമേലും അടയാളപ്പെടുത്തുമായിരിക്കും എന്നാണ്. ഈ അടയാളം, അതു വഹിക്കുന്ന ജനം നീറോ കൈസർക്കുള്ള വരാണെന്നതിനുള്ള സൂചനയായിരിക്കും. മൃഗത്തിന്റെ സംഖ്യ വരാൻപോകുന്ന എതിർക്രിസ്തുവായ നീറോ കൈസർ എന്ന "ഒരു മനുഷ്യന്റെ സംഖ്യ" ആണ്. (പ്രത്യുദ്ധാര ഭാഷ്യം വെളിപ്പാട് 13:18-ന്റെ അടിക്കുറിപ്പ് 2 കാണുക). റോമാസാമ്രാജ്യത്തിന്റെ കാലത്ത് വെളിപ്പാട് പുസ്തകം എഴുതപ്പെട്ടതുകൊണ്ട്, നീറോയുടെ പേര് യോഹന്നാൻ പറയാതെ ഒരു സംഖ്യകൊണ്ട് അതിനെ സൂചിപ്പിച്ചു. അതുകൊണ്ട്, ഇതു മനസ്സിലാക്കുവാൻ ജ്ഞാനം ആവശ്യമാണ്. ദൈവത്താൽ നല്കപ്പെട്ട ജ്ഞാനം ഉപയോഗിച്ച് അറുനൂറ്ററുപത്താറ് എന്ന സംഖ്യ നീറോ കൈസറിനെ കുറിക്കുന്നുവെന്ന് നമുക്ക് നിർണ്ണയിക്കുവാൻ കഴിയും. അറുനൂറ്ററുപത്താറ് എന്ന കൃത്യമായ സംഖ്യ മറ്റൊരു പേരും നമുക്കു നല്കുന്നില്ല.

ഞങ്ങൾ നീറോയ്ക്കുള്ളവരാണ് എന്നു സാക്ഷ്യപ്പെടുത്തിക്കൊണ്ട്, അവിശ്വാസികൾ തങ്ങളുടെ നെറ്റിമേലോ വലംകൈമേലോ നീറോയുടെ പേരു വഹിക്കുമ്പോൾ, എല്ലാ ജയാളികൾക്കും അവരുടെ നെറ്റിമേൽ കുഞ്ഞാടിന്റെയും പിതാവിന്റെയും നാമം ഉണ്ടായിരിക്കും (14:1). അവിടെ നിഷ്പക്ഷത ഉണ്ടായിരിക്കുകയില്ല. ഒന്നുകിൽ നിങ്ങൾ ദൈവത്തിന്റെ നാമം വഹിക്കും, അല്ലെങ്കിൽ സാത്താന്റെ ദേഹരൂപമായ നീറോ കൈസറുടെ പേരു വഹിക്കും. നീറോ കൈസറുടെ പേരു വഹിക്കുന്നത് സാത്താന്നുള്ളവരെന്നും, ദൈവത്തിന്റെ നാമം വഹിക്കുന്നത് ദൈവത്തിന്നുള്ളവരെന്നും അർഥമാക്കുന്നു.

തന്റെമേൽ മൃഗത്തിന്റെ അടയാളമില്ലാത്ത ആർക്കും വാങ്ങുവാനോ വിൽക്കുവാനോ കഴിയുകയില്ല. ഇത് ജീവിക്കുന്നത് അസാധ്യമാക്കും. ഇന്ന് ചില കമ്യൂണിസ്റ്റ് രാജ്യങ്ങളിലെ

അവസ്ഥകൾ ഈ ദിശയിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. സമ്പദ് വ്യവസ്ഥ സർക്കാരിന്റെ കർശന നിയന്ത്രണത്തിൻകീഴിലായതു കൊണ്ട് സാധനങ്ങൾ വാങ്ങുവാൻ നിങ്ങൾക്ക് അനുമതിപത്രം ഉണ്ടായിരിക്കണം. എട്ടാമത്തെ കൈസറുടെ രാജത്വത്തിന്റെ സമയത്ത് വാങ്ങുവാനും വിൽക്കുവാനുമുള്ള അനുമതിപത്രമായി എല്ലാവരും എതിർക്രിസ്തുവിന്റെ പേരു വഹിക്കണം. ഇന്നത്തെ ലോകസാഹചര്യത്തിൽ എതിർക്രിസ്തുവിനുവേണ്ടിയുള്ള മാർഗം അധികമധികമായി ഒരുക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അഞ്ഞൂറു വർഷങ്ങൾക്കുമുമ്പ് വേദപുസ്തക പഠിതാക്കൾക്ക് നാം ഇന്നു മനസ്സിലാക്കുന്നതുപോലെ എളുപ്പത്തിൽ ഈ കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പ്രവചനങ്ങൾ എന്തിനെക്കുറിച്ചാണ് പറയുന്നതെന്ന് മനസ്സിലാക്കുവാൻ സമീപകാല ലോകസംഭവങ്ങൾ അതിനെ എളുപ്പമാക്കി.

## X. പത്തു രാജാക്കന്മാരുടെ ശക്തിയും, അധികാരവും, രാജത്വവും സ്വീകരിക്കുന്നു

താൻ കൊല്ലപ്പെടുന്നതിനുമുമ്പ് സാത്താൻ എതിർക്രിസ്തുവിന് തന്റെ ശക്തിയും അധികാരവും നല്കുമായിരിക്കും. എന്നാൽ എതിർക്രിസ്തു കൊലചെയ്യപ്പെടുകയും പുനർജീവിപ്പിക്കപ്പെടുകയും ചെയ്തതിനുശേഷം മാത്രമേ പത്തു രാജാക്കന്മാർ അവരുടെ ശക്തിയും, അധികാരവും, രാജത്വവും എതിർക്രിസ്തുവിനു നല്കുകയുള്ളൂ (17:12-13, 17). അപ്പോൾ എല്ലാ ശക്തിയും അധികാരവും ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കും.

## XI. നാല്പത്തിരണ്ടു മാസം പ്രവർത്തിക്കുന്നു

വെളിപ്പാട് 13:5 പറയുന്നു, "നാൽപത്തിരണ്ടു മാസം പ്രവർത്തിക്കുവാൻ അവന് അധികാരവും നൽകി." ഇവിടെയും 11:2-ലും ഉള്ള നാൽപത്തിരണ്ടു മാസം 12:14-ലുള്ള മൂന്നര വർഷവും 11:3-ലും 12:6-ലും ഉള്ള ആയിരത്തിരുനൂററുപതു ദിവസവും ആണ്; അത് മഹോപദ്രവത്തിന്റെ സമയമായിരിക്കും (മത്താ. 24:21). ഈ യുഗത്തിന്റെ അവസാനത്തിൽ യിസ്രായേൽരാഷ്ട്രവുമായി ഏഴു വർഷത്തേക്ക് എതിർക്രിസ്തു ഒരു ഉടമ്പടി ഉണ്ടാക്കും (ദാനീ. 9:27). ഉടമ്പടി ഉണ്ടാക്കി മൂന്നരവർഷം കഴിയുമ്പോൾ അവൻ അതു ലംഘിച്ചുകൊണ്ട് ദൈവത്തോടുള്ള സകല യെഹൂദാരാധനയും സേവനവും നിർത്തലാക്കുകയും (ദാനീ. 9:27), വിശുദ്ധന്മാരെ ഉപദ്രവിക്കുകയും (13:7), മൂന്നര വർഷം വിശുദ്ധനഗരത്തെ നശിപ്പിക്കുകയും ചെയ്യും (11:2). ഒരിക്കൽകൂടി ഞാൻ ശക്തമായി പറയട്ടെ, അനേകർ ചിന്തിക്കുന്നതിനു വിരുദ്ധമായി, മഹോപദ്രവം ഏഴു വർഷം നീണ്ടുനിൽക്കുകയില്ല; അത് മൂന്നര വർഷം, അഥവാ നാല്പത്തിരണ്ടു മാസം, അഥവാ ആയിരത്തിരുനൂററുപതു ദിവസം

ആയിരിക്കും. ഈ മൂന്നര വർഷത്തിൽ എതിർക്രിസ്തു നിരവധി കാര്യങ്ങൾ ചെയ്യും.

### A. വലിയ കാര്യങ്ങൾ സംസാരിക്കുകയും ദൈവത്തെയും, അവന്റെ കൂടാരത്തെയും, സ്വർഗത്തിൽ കൂടാരമടിക്കുന്നവരെയും ദുഷിക്കുകയും ചെയ്യുന്നു

"വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അവനു നൽകപ്പെട്ടു" എന്ന് വെളിപ്പാട് 13:5-ഉം, "അവൻ ദൈവത്തിന്റെ നാമത്തെയും സ്വർഗത്തിലുള്ള ദൈവത്തിന്റെ കൂടാരത്തെയും ദുഷിക്കുവാൻ, ദൈവത്തിനെതിരെ ദൂഷണങ്ങൾക്കായി തന്റെ വായ് തുറന്നു" എന്ന് വാക്യം 6-ഉം പറയുന്നു. എന്തു വലിയ കാര്യങ്ങളാണ് എതിർക്രിസ്തു പറയുവാൻ പോകുന്നതെന്ന് എനിക്കറിയില്ല. ആരും ഒരിക്കലും സങ്കല്പിക്കുകപോലും ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ, ജനത്തെ ആശ്ചര്യപ്പെടുത്തുന്ന കാര്യങ്ങൾ, അവൻ സംസാരിക്കും എന്നതിന് സംശയമില്ല. അവൻ ദൈവത്തെയും, ദൈവത്തിന്റെ കൂടാരത്തെയും, സ്വർഗത്തിൽ കൂടാരമടിക്കുന്നവരെയും ദുഷിക്കും. "സ്വർഗത്തിൽ കൂടാരമടിക്കുന്നവർ" സ്വർഗത്തിൽ ദൈവത്തിന്റെ കൂടാരത്തിലേക്ക് എടുക്കപ്പെടുവാൻ പോകുന്ന ജയാളികളാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്തു വലിയ കാര്യങ്ങളാണ് എതിർക്രിസ്തു സംസാരിക്കുവാൻ പോകുന്നതെന്ന് എനിക്കറിയില്ലെങ്കിലും, തത്ത്വത്തിൽ അവൻ ഇങ്ങനെ പറയുമായിരിക്കും, "ദൈവമെന്നു വിളിക്കപ്പെടുന്നവൻ അതും ഇതുമൊക്കെ ചെയ്തിട്ടുണ്ടെന്ന് നിങ്ങൾ കേട്ടിരിക്കുന്നു. ഇനി ഞാൻ നിങ്ങളോടു പറയട്ടെ, അവൻ ചെയ്തതിനെക്കാൾ വലിയ കാര്യങ്ങൾ എനിക്ക് ചെയ്യുവാൻ കഴിയും." ദൈവത്തെ ദുഷിക്കുകയും നിന്ദിക്കുകയും ചെയ്യുന്നതിനായി ഈ രീതിയിൽ അവൻ വലിയ കാര്യങ്ങൾ സംസാരിക്കും. ആ സമയം, ജയാളികളായ ക്രിസ്ത്യാനികൾ ഉൽപ്രാപിതരായെന്ന് ലൗകികരായ വളരെയധികം ആളുകൾ അറിയും, കാരണം ഇത് തീർച്ചയായും വർത്തമാനപത്രങ്ങളിലെ ആദ്യപേജിൽ ഉണ്ടായിരിക്കും. "എന്റെ മച്ചുനനെ പെട്ടെന്ന് കാണാതായി"; "എന്റെ ഭാര്യ എടുക്കപ്പെട്ടു"; "എന്റെ കൂടെ താമസിച്ചവൻ കഴിഞ്ഞ രാത്രിയിൽ ഉണ്ടായിരുന്നു, എന്നാൽ ഇന്നു രാവിലെ ഞാൻ ഉണർന്നപ്പോൾ അവൻ പോയിക്കഴിഞ്ഞിരുന്നു" എന്നിങ്ങനെയുള്ള കാര്യങ്ങൾ അനേകർ പറയുന്നുണ്ടയിരിക്കും. കൂടാതെ, ഭൂമിയിൽ അവശേഷിക്കുന്ന ക്രിസ്ത്യാനികൾ പ്രസംഗിക്കുവാൻ ആരംഭിക്കും. അപ്പോൾ എതിർക്രിസ്തു എഴുന്നേൽക്കുകയും ഒരു പ്രഭാഷണം നല്കുവാൻ ബഹുജന മാധ്യമത്തെ ഉപയോഗിക്കുകയും ചെയ്യും: അതിൽ വളരെ വലുതായ ചിലത് താൻ ചെയ്യുമെന്ന് അവൻ അവകാശപ്പെടും. "എന്നെ ശ്രവിക്കുക. ഇതിനെക്കാൾ വലിയ

കാര്യങ്ങൾ ഞാൻ ചെയ്യും" എന്ന് അവൻ പറയുമായിരിക്കും. ചില സവിശേഷമായ കാര്യങ്ങൾ ചെയ്യുവാൻ അവൻ ബഹിരാകാശ സാങ്കേതികവിദ്യ ഉപയോഗിക്കുമായിരിക്കും.

എതിർക്രിസ്തു കൊല്ലപ്പെടുകയും പുനർജീവിപ്പിക്കപ്പെടുകയും ചെയ്യുന്നതിനുമുമ്പ് ജയാളികൾ സ്വർഗത്തിലേക്ക് എടുക്കപ്പെടും എന്ന് ഞാൻ ആവർത്തിച്ചു പറയുന്നു. അവർ എത്തുമ്പോൾ, ഭൂമിയിലേക്ക് എറിയപ്പെടുവാൻ അവർ സാത്താനോട് ആജ്ഞാപിക്കും. ഈ വാക്ക് പ്രഖ്യാപിക്കപ്പെട്ട ഉടനെ പ്രധാനദൂതനായ മീഖായേൽ സാത്താനോട് യുദ്ധം ചെയ്യുവാൻ നേതൃത്വമെടുക്കും. ഏകദേശം ഈ സമയം ഏഴാമത്തെ കൈസറായ എതിർക്രിസ്തു കൊല്ലപ്പെടും. സാത്താൻ ഭൂമിയിലേക്ക് ഇറങ്ങിപ്പോകുമ്പോൾ, നീറോയുടെ ആത്മാവ് അഗാധത്തിൽനിന്നു മോചിപ്പിക്കപ്പെടുകയും എട്ടാമനായിരിക്കുവാൻ അവനെ പുനർജീവിപ്പിച്ചുകൊണ്ട്, കൊലചെയ്യപ്പെട്ട ഏഴാമത്തെ കൈസറിലേക്ക് പ്രവേശിക്കുകയും ചെയ്യും. ഇതെല്ലാം സംഭവിക്കുമ്പോൾ, ഭൂമിയിലുള്ള എല്ലാവരും ഉൾപ്രാപണത്തെക്കുറിച്ച് സംസാരിക്കുകയും, അപ്പോഴും ഭൂമിയിലുള്ള ക്രിസ്ത്യാനികൾ അതിനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുകയും ചെയ്യും.. അപ്പോൾ ഈ പുനർജീവിപ്പിക്കപ്പെട്ട എട്ടാമത്തെ കൈസർ ഭൂമിയിൽ വസിക്കുന്നവരെ വഞ്ചിക്കേണ്ടതിന്, ദൈവം ചെയ്തതിനേക്കാൾ വലിയ കാര്യങ്ങൾ ചെയ്യുമെന്ന് വാഗ്ദാനം നല്കിക്കൊണ്ട്, വലിയ കാര്യങ്ങൾ സംസാരിക്കും. ഇതായിരിക്കും ദൈവത്തിനും, ദൈവത്തിന്റെ വാസസ്ഥലത്തിനും, ദൈവത്തിന്റെ വാസസ്ഥലത്തിലേക്ക് എടുക്കപ്പെട്ട ജയാളികൾക്കും എതിരായി അവൻ സംസാരിക്കുന്ന ദൂഷണം.

ഈ സമയം ഭൂമിയിൽ അവശേഷിക്കുന്ന ക്രിസ്ത്യാനികൾക്ക് ഈ കാര്യങ്ങളെല്ലാം അറിയാമെങ്കിൽ, അവർ വളരെയധികം സഹായിക്കപ്പെടും. നമ്മിലാരെങ്കിലും ജയാളികളുടെ ഉൾപ്രാപണത്തിനുശേഷം ഭൂമിയിലുണ്ടെങ്കിൽ നാം ഒരിക്കലും എതിർക്രിസ്തുവിനാൽ വഞ്ചിക്കപ്പെടുകയില്ല. ഒരുപക്ഷേ ഈ ജീവ-പഠന ദൂതുകളിൽ വായിച്ചിട്ടുള്ളത് നാം ഓർക്കുന്നുണ്ടാകും. ആദ്യഫലമായിത്തീരുവാൻ ഈ ദൂതുകൾക്ക് നമ്മെ സഹായിക്കുവാൻ കഴിയും. എന്നാൽ ആദ്യഫലമാകാത്തവർ ഇരുട്ടിൽ ഉപേക്ഷിക്കപ്പെടുകയില്ല. ഈ ദൂതുകൾ വായിച്ചതിനുശേഷം, നാം എതിർക്രിസ്തുവിനെ സംബന്ധിച്ച് ഇരുട്ടിലല്ല. നാം തീർച്ചയായും വെളിച്ചം കണ്ടവരാണ്.

Mon

## B. യുദ്ധം ചെയ്യുകയും വിശുദ്ധന്മാരെ ജയിക്കുകയും ചെയ്യുന്നു

വെളിപ്പാട് 13:7 പറയുന്നു, "വിശുദ്ധന്മാരോട് യുദ്ധംചെയ്ത് അവരെ ജയിക്കുവാനും അവന് അനുവാദം നൽകി." ഇവിടെയുള്ള

**വിശുദ്ധന്മാർ** ദൈവഭയമുള്ള യെഹൂദന്മാരും ക്രിസ്തുവിലുള്ള **വിശ്വാസികളും** അടങ്ങുന്ന 12:17-ലെ സ്ത്രീയുടെ സന്തതിയിൽ **ശേഷിക്കുന്നവരാണ്.** മഹോപദ്രവത്തിൽ ചില വിശ്വാസികൾ **അപ്പോഴും** ഭൂമിയിലായിരിക്കുമെന്ന് ഇതു തെളിയിക്കുന്നു. **എതിർക്രിസ്തു** ദൈവഭയമുള്ള യെഹൂദന്മാരെയും ക്രിസ്തുവിശ്വാ **സികളായ** ക്രിസ്ത്യാനികളെയും ഉപദ്രവിക്കും. അവൻ ഭൂമിയിലുള്ള **ദൈവജനത്തിനെതിരെ** യുദ്ധംചെയ്യുകയും അവരെ ജയിക്കുകയും **ചെയ്യും.** പതിനഞ്ചും ഇരുപതും അധ്യായങ്ങൾ സൂചിപ്പിക്കുന്ന **തുപോലെ** ഈ സമയം അനേകംപേർ രക്തസാക്ഷികളാകും.

## C. യുദ്ധം ചെയ്യുകയും രണ്ടു സാക്ഷികളെ കൊല്ലുകയും ചെയ്യുന്നു

എതിർക്രിസ്തു രണ്ടു സാക്ഷികളോട് യുദ്ധം ചെയ്യുകയും അവരെ **കൊല്ലുകയും** ചെയ്യും (11:7). തന്റെ ജനത്തിന്റെ ബലഹീനത **ദൈവം** അറിയുന്നു. ഇക്കാരണത്താൽ, അവസാനത്തെ മൂന്നര **വർഷത്തിന്റെ** സമയത്ത്, ജയാളികളുടെ ഉൾപ്രാപണത്തിനുശേഷം, **ഉപദ്രവിക്കപ്പെട്ട** തന്റെ ജനത്തെ ബലപ്പെടുത്തുവാൻ ദൈവം **മോശെയെയും** ഏലീയാവിനെയും മടക്കി അയയ്ക്കും. എതിർക്രിസ്തു **ഈ** രണ്ടു സാക്ഷികളോട് യുദ്ധംചെയ്യുകയും അവരെ **കൊല്ലുകയും** ചെയ്യും. എന്നാൽ 11:11 വെളിപ്പെടുത്തുന്നതുപോലെ, **മൂന്നര** വർഷത്തിനുശേഷം രണ്ടു സാക്ഷികൾ ഉയിർപ്പിക്കപ്പെ **ടുകയും** സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്യും.

## D. സകല ഗോത്രത്തിനും, ജനത്തിനും, ഭാഷയ്ക്കും, രാഷ്ട്രത്തിനും മേൽ ഭരിക്കുന്നു

"സകല ഗോത്രത്തിനും ജനത്തിനും ഭാഷയ്ക്കും രാഷ്ട്രത്തിനും **മേൽ** അവന് അധികാരം നൽകി." എന്നും വെളിപ്പാട് 13:7 പറയുന്നു. **സാത്താനിൽനിന്നും** എതിർക്രിസ്തു ശക്തിയും അധികാരവും, **അതോടൊപ്പം** പത്തു രാജാക്കന്മാരിൽനിന്നും ശക്തിയും **അധികാരവും** രാജത്വവും സ്വീകരിക്കും എന്നതുകൊണ്ട് അവന് **സകല** ഗോത്രത്തിനും ജനത്തിനും ഭാഷയ്ക്കും രാഷ്ട്രത്തിനും മേൽ **ഭരിക്കുവാനുള്ള** പൂർണ്ണാധികാരം തീർച്ചയായും ഉണ്ടായിരിക്കും.

## E. സർവഭൂമിയും മൃഗത്തെ കണ്ട് ആശ്ചര്യപ്പെടുകയും ഭൂവാസികൾ ഒക്കെയും പ്രതിമയെ ആരാധിക്കുകയും ചെയ്യുന്നു

**"സർവഭൂമിയും** മൃഗത്തെ കണ്ട് ആശ്ചര്യപ്പെട്ടു" എന്ന് **വെളിപ്പാട് 13:3-ഉം, "ഉണ്ടായിരുന്നവനും ഇപ്പോൾ ഇല്ലാത്തവനും വരുവാനിരിക്കുന്നവനുമായ മൃഗത്തെ, ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതിയിട്ടില്ലാത്ത ഭൂവാസികൾ**

കാണുമ്പോൾ ആശ്ചര്യപ്പെടും" എന്ന് 17:8-ഉം പറയുന്നു. അവന്റെ "മരണപ്രഹരം" സൗഖ്യമായതുനിമിത്തം സർവഭൂമിയും മൃഗത്തെ കണ്ട് ആശ്ചര്യപ്പെടും. ലോകസ്ഥാപനത്തിനുമുമ്പേ ജീവപുസ്തകത്തിൽ പേർ എഴുതീട്ടുള്ളവർ മാത്രമേ അവനെ കണ്ട് ആശ്ചര്യപ്പെടാതിരിക്കുകയുള്ളൂ. ഭൂമിയിൽ അവശേഷിക്കുന്ന എല്ലാ സത്യക്രിസ്ത്യാനികൾക്കും അവരുടെ ഉള്ളിൽ വിശ്വാസം ഉണ്ടായിരിക്കും. അച്ചടിച്ച ഈ ദൂതുകളിൽനിന്നും അനേകർ വെളിച്ചം സ്വീകരിക്കുകയും, എതിർക്രിസ്തുവിന്റെ ലക്ഷണങ്ങൾ മനസ്സിലാക്കുകയും, അവർ അവനെ ആരാധിക്കുവാൻ പാടില്ലെന്ന് തിരിച്ചറിയുകയും ചെയ്യും. എന്നാൽ "ലേകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതയിട്ടില്ലാത്ത എല്ലാ ഭൂവാസികളും അവനെ ആരാധിക്കും" (13:8). ("ലേകസ്ഥാപനം മുതൽ" എന്നത് "പേർ എഴുതിയിട്ടില്ലാത്ത"വരെയും "അറുക്കപ്പെട്ട കുഞ്ഞാടി"നെയും വിശേഷിപ്പിക്കാം). അടുത്ത ദൂതിൽ നാം കാണാൻപോകുന്നതുപോലെ, കള്ളപ്രവാചകൻ ഭൂമിയിൽ വസിക്കുന്നവരെ "മൃഗത്തിന്റെ പ്രതിമ ഉണ്ടാക്കി" അതിനെ ആരാധിക്കുവാൻ നിർബന്ധിക്കും.

### F. വിശ്വാസത്യാഗിനിയായ റോമാസഭയെ വെറുക്കുകയും അവളെ ശൂന്യമാക്കുകയും, അവളെ പൂർണമായി ദഹിപ്പിച്ചുകളയുകയും ചെയ്യുന്നു

എതിർക്രിസ്തു റോമാസഭയ്ക്ക് പുറംതിരിക്കുകയും, അവളെ വെറുക്കുകയും, ശൂന്യമാക്കുകയും ചെയ്യും. പത്തു രാജാക്കന്മാരായ പത്തു കൊമ്പുകൾ വേശ്യയെ വെറുക്കുകയും, അവളെ "ശൂന്യയും നഗ്നയുമാക്കി അവളുടെ മാംസം തിന്നുകളയുകയും, അവളെ തീകൊണ്ട് പൂർണ്ണമായി ദഹിപ്പിച്ചുകളയുകയും ചെയ്യും" എന്ന് വെളിപ്പാട് 17:16 പറയുന്നു. എതിർക്രിസ്തു പുനർജീവിപ്പിക്കപ്പെട്ടതിനുശേഷം, യെഹൂദമതവും കത്തോലിക്കാമതവും ഉൾപ്പെടെ, എല്ലാ തരത്തിലുള്ള മതത്തെയും അവൻ ഉപദ്രവിക്കും.

## XII. കർത്താവിനോട് യുദ്ധംചെയ്യുകയും, കർത്താവിനാൽ തോല്പിക്കപ്പെടുകയും, നശിപ്പിക്കപ്പെടുകയും, തീപ്പൊയ്കയിലേക്ക് എറിയപ്പെടുകയും ചെയ്യുന്നു

ആത്യന്തികമായി, എതിർക്രിസ്തു കർത്താവിനോട് യുദ്ധംചെയ്യുകയും കർത്താവിനാൽ തോല്പിക്കപ്പെടുകയും ചെയ്യും. കർത്താവായ യേശു അവനെ നശിപ്പിക്കുകയും തീപ്പൊയ്കയിലേക്ക് എറിയുകയും ചെയ്യും (17:14; 19:19-21; 20:10). ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ എതിർക്രിസ്തുവും അവന്റെ അനുയായികളും ക്രിസ്തുവിനോട് നേരിട്ട് യുദ്ധംചെയ്യുകയും, ക്രിസ്തുവും അവന്റെ സൈന്യമായിരിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവരായ അവന്റെ

ജയാളികളും നേരിട്ട് എതിർക്രിസ്തുവിനോട് യുദ്ധംചെയ്യുകയും ചെയ്യും. ഇത് അഭൂതപൂർവമായ ഒരു യുദ്ധം, ക്രിസ്തുവും എതിർക്രിസ്തുവും പരസ്പരം ഏറ്റുമുട്ടുന്ന ഒരു യുദ്ധം ആയിരിക്കും. നാം പത്തൊമ്പതാം അധ്യായത്തിലേക്കു വരുമ്പോൾ ഇതിനെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ കാണും. ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ, ക്രിസ്തു എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും പരാജയപ്പെടുത്തുകയും, അവരെ ജീവനോടെ തീപ്പൊയ്കയിലേക്ക് എറിയുകയും ചെയ്യും. അതായിരിക്കും എതിർക്രിസ്തുവിന്റെ അന്തിമ ദൈവകല്പിതം.